LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് വിതരണത്തിലെ കൃത്രിമം

119 (2615) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഗ്യാസ് ഏജൻസികൾ ഗ്യാസ് വിതരണത്തിൽ വൻതോതിൽ കൃത്രിമം കാണിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വഷണം നടത്തുമോ ;

(ബി) എത്ര ഗ്യാസ് ഏജൻസികൾ തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചുവരുന്നു ; ഓരോ ഏജൻസിക്കും എത്ര കൺസ്യൂമേഴ്സ് ഉണ്ട് ;

(സി) സ്ഥിരമായി സിറ്റിയിൽ താമസിക്കാത്തതും എന്നാൽ, കൺസ്യൂമറായി തുടരുന്നവരുമായിട്ടുള്ളവരുടെ പേരിൽ ഗ്യാസ് ഏജൻസികൾതന്നെ ഗ്യാസ് ബുക്ക് ചെയ്യുന്നതും അത് കരിഞ്ചന്തയിൽ മറിച്ച് വിൽക്കുന്നതുമായ സ്ഥിതിവിശേഷം അന്വേഷണ വിധേയമാക്കാമോ ;

(ഡി) ഗ്യാസ് വിതരണത്തിൽ ഏജൻസികൾ ക്രമരഹിതമായി പ്രവർത്തിക്കുന്നതിനെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സംവിധാനം ഉണ്ടോ ; ഏതെല്ലാം ഏജൻസികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) ഗ്യാസ് ഏജൻസികളുടെ പ്രവർത്തനംമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ജില്ലാ തലത്തിലും എണ്ണക്കമ്പനികളുമായി ബന്ധപ്പെട്ടും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) 26 ഗ്യാസ് ഏജൻസികൾ പ്രവർത്തിച്ചുവരുന്നുവെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഓരോ ഏജൻസിക്കുമുള്ള ഉപഭോക്താക്കളുടെ വിവരം എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എൽ.പി.ജി. കണക്ഷൻ പേരിലുള്ള കൺസ്യൂമർ താല്കാലികമായി നഗരം വിട്ടുപോകുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അതേ കണക്ഷൻ ഉപയോഗിക്കാറുണ്ട്. ആയതിനാൽ, എൽ.പി.ജി. കണക്ഷന്റെ യഥാർത്ഥ ഉപഭോക്താവിനെ കണ്ടെത്തുന്നത് പ്രായോഗികമല്ലെന്നും എന്നാൽ ഡി.ബി.റ്റി.എൽ. പദ്ധതി നടപ്പിലാക്കിയതോടെ എൽ.പി.ജി, യുടെ കരിഞ്ചന്ത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇത്തരത്തിൽ എണ്ണക്കമ്പനി അധികൃതരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരും പരിശോധനകൾ നടത്താറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ജില്ലാ കളക്ടർക്ക് ഇതിനുള്ള അധികാരമുണ്ട്. 2000-ലെ എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ അനുസരിച്ച് സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ റേഷണിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഗ്യാസ് ഏജൻസികൾ പരിശോധിക്കാനുള്ള അധികാരമുണ്ട്. കൂടാതെ എണ്ണക്കമ്പനി ഉദ്യോഗസ്ഥർ സ്ഥിരമായി ഏജൻസികളിൽ പരിശോധന നടത്താറുണ്ടെന്നും നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുന്ന ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരം നടപടികൾ എടുക്കാറുണ്ടെന്നും 2014-15 കാലയളവിൽ തിരുവനന്തപുരം പൂജപ്പുരയിലുള്ള അരവിന്ദ് ഗ്യാസ് ഏജൻസിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ പദ്ധതി

120 (2616) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly